**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1621**

**04/10/2016 ൽ മറുപടിയ്ക്ക്**

**ബാംബൂ യൂണിറ്റിന്റെ പുനരുദ്ധാരണം**

**ചോദ്യം**
**ശ്രീ.ഇ.കെ.വിജയൻ**

**ഉത്തരം**
**ഇ.പി.ജയരാജൻ**
**(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരളത്തിൽ നിലവിൽ ബാംബൂ കോർപ്പറേഷന്റെ യൂണിറ്റുകൾ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) | ബാംബൂ കോർപ്പറേഷന്റെ യൂണിറ്റുകളായി ബാംബൂ പ്ലൈ നിർമ്മിക്കുന്ന ഫാക്ടറി അങ്കമാലിയിലും, ബാംബൂ ഫ്ളോറിംഗ് ടൈൽ നിർമ്മിക്കുന്ന ബാംബൂ ഫ്ളോറിംഗ് ടൈൽസ് ഫാക്ടറി നല്ലളത്തും, നാദാപുരം, മാനന്തവാടി, പാലക്കാട് എന്നീ സ്ഥലങ്ങളിൽ ഫീഡർ യൂണിറ്റുകളും പ്രവർത്തിക്കുന്നു. കൂടാതെ പരമ്പരാഗത മേഖലയിൽ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ 14 കമ്യൂണിറ്റി മാറ്റ് വീവിംഗ് സെന്ററുകൾ, ഈറ്റ വിതരണത്തിന് 12 സെന്ററുകൾ, ഈറ്റ സംഭരിക്കുന്നതിന് 9 സെന്ററുകൾ, പനമ്പ് ശേഖരിക്കുന്നതിന് 60 ഡിപ്പോകൾ എന്നിവയും പ്രവർത്തിക്കുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിലെ വളയം-ചെക്യാട് പൂങ്കുളം, ബാംബൂ യൂണിറ്റിന്റെ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ ; | (ബി) | കോഴിക്കോട് ജില്ലയിലെ ബാംബൂ ഫ്ളോറിംഗ് ടൈൽസ് ഫാക്ടറിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഫീഡർ യൂണിറ്റ് നാദാപുരം മണ്ഡലത്തിലെ വളയം-ചെക്യാട്, പൂങ്കുളം എന്ന |

| | | | |
|---|---|---|---|
| | | | സ്ഥലത്താണ് പ്രവർത്തിച്ച് വരുന്നത്. ബാംബൂ ഫ്ലോറിംഗ് ടൈൽസിനും അനുബന്ധ ഉല്പന്നങ്ങൾക്കും വേണ്ടിയുള്ള ബാംബൂ സ്ട്രിപ്പുകൾ, മുളകൾ തുടങ്ങിയവ ഈ ഫീഡർ യൂണിറ്റിൽ നിന്ന് പ്രോസസ്സ് ചെയ്ത് കോഴിക്കോട് നല്ലളത്ത് പ്രവർത്തിക്കുന്ന ഫാക്ടറിയിലേക്ക് എത്തിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ആയതിലേയ്ക്ക് വേണ്ട അത്യാവശ്യ മെഷിനറികളും സജ്ജമാക്കിയിരുന്നു. എന്നാൽ മുള സംസ്കരിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടായിരുന്നില്ല. അതിനുവേണ്ടി കാടാമ്പുഴ യൂണിറ്റിലുള്ള മാനുവൽ യൂണിറ്റ് ഇവിടേയ്ക്ക് മാറ്റിയിട്ടുണ്ട്. ആവശ്യത്തിന് മുള ലഭിക്കാത്തതു മൂലം പ്രസ്തുത യൂണിറ്റ് പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ല. |
| (സി) | പ്രസ്തുത ബാംബൂ യൂണിറ്റിന്റെ പുനരുദ്ധാരണത്തിന് സർക്കാരിന് പദ്ധതികൾ ഉണ്ടോ ? | (സി) | ആവശ്യമായ മൂലധനവും അസംസ്കൃത വസ്തുക്കളും ലഭ്യമാക്കി യൂണിറ്റ് പ്രവർത്തനക്ഷമമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ